**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1814** **04-02-2026-ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവ്വകലാശാലയിലെ കെ-റീപ്പ് സംവിധാനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. അബ്ദുൽ ഹമീദ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കാലിക്കറ്റ് സർവ്വകലാശാലയിൽ കേരള റിസോഴ്സസ് ഫോർ എജ്യൂക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിംഗ് സംവിധാനം ഉപയോഗപ്പെടുത്തി ഇതുവരെ നടത്തിയ മുഴുവൻ പരീക്ഷകളുടെയും സമഗ്രമായ വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** കാലിക്കറ്റ് സർവ്വകലാശാലയിൽ കേരള റിസോഴ്സസ് ഫോർ എജ്യൂക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിംഗ് (K-REAP) സംവിധാനം ഉപയോഗപ്പെടുത്തി ഇതുവരെ നടത്തിയ മുഴുവൻ പരീക്ഷകളുടെയും സമഗ്രമായ വിശദാംശം ചുവടെ ചേർക്കുന്നു :

1) ഒന്നാം സെമസ്റ്റർ പി.ജി. നവംബർ 2024 റെഗുലർ പരീക്ഷകൾ (സി.സി.എസ്.എസ്. - 2024 അഡ്മിഷൻ)
2) രണ്ടാം സെമസ്റ്റർ പി.ജി. ഏപ്രിൽ 2025 റെഗുലർ പരീക്ഷകൾ (സി.സി.എസ്.എസ്. - 2024 അഡ്മിഷൻ)
3) മൂന്നാം സെമസ്റ്റർ പി.ജി. നവംബർ 2025 റെഗുലർ പരീക്ഷകൾ (സി.സി.എസ്.എസ്. - 2024 അഡ്മിഷൻ)
4) ഒന്നാം സെമസ്റ്റർ പി.ജി. നവംബർ 2025 റെഗുലർ / സപ്ലിമെന്ററി / ഇമ്പ്രൂവ്മെന്റ് പരീക്ഷകൾ (സി.സി.എസ്.എസ്. - 2024 & 2025 അഡ്മിഷൻ)
5) ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പി.ജി. നവംബർ 2024 റെഗുലർ പരീക്ഷകൾ (സി.സി.എസ്.എസ്. - 2024 അഡ്മിഷൻ)
6) രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പി.ജി. ഏപ്രിൽ 2025 റെഗുലർ പരീക്ഷകൾ (സി.സി.എസ്.എസ്. - 2024 അഡ്മിഷൻ)
7) മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പി.ജി നവംബർ 2025 റെഗുലർ പരീക്ഷകൾ (സി.സി.എസ്.എസ്. - 2024 അഡ്മിഷൻ)
8) ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പി.ജി. നവംബർ 2025 റെഗുലർ പരീക്ഷകൾ (സി.സി.എസ്.എസ്. - 2024 & 2025 അഡ്മിഷൻ)

**(ബി)** കെ-റീപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി സർവ്വകലാശാലയ്ക്ക് സേവനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ പേര് ലഭ്യമാക്കാമോ; പരീക്ഷ ഭവനിലെ ജീവനക്കാർ കെ-റീപ്പിലെ സേവനങ്ങൾക്കും സംശയനിവാരണത്തിനുമായി ബന്ധപ്പെടേണ്ട വ്യക്തികൾ, അവരുടെ മാതൃകമ്പനി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കെ-റീപ്പ് സോഫ്റ്റ് വെയർ കേരള സർക്കാർ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (KSHEC) വഴിയാണ് സർവ്വകലാശാലകൾക്ക് ലഭ്യമാക്കുന്നത്. ഇതിന്റെ സാങ്കേതിക പ്രവർത്തനങ്ങൾക്കും നടപ്പിലാക്കലിനുമുള്ള സഹായം നൽകുന്നത് ASAP കേരള (Additional Skill Acquisition Programme) ആണ്.

സോഫ്റ്റ് വെയർ സംബന്ധമായ സർവകലാശാലകളുടെ സംശയങ്ങൾക്കും പരിഹാരത്തിനും സഹായങ്ങൾക്കുമായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ കെ-റീപ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) പ്രവർത്തിക്കുന്നുണ്ട്.

**(സി)** കെ-റീപ്പ് സംവിധാനത്തിലൂടെ ഇതുവരെ നടത്തിയ വിവിധ പരീക്ഷകളുടെ തീയതികൾ, പരീക്ഷാ ഫലപ്രഖ്യാപനത്തിനായി എടുത്ത സമയ ദൈർഘ്യം, വിദ്യാർത്ഥികൾക്ക് മാർക്ക് ലിസ്റ്റുകൾ വിതരണം ചെയ്യാൻ എടുത്ത സമയ ദൈർഘ്യം എന്നിവ വിശദമാക്കാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു നൽകുന്നതാണ്.

**(ഡി)** കെ-റീപ്പ് സേവനത്തിന് പ്രതിഫലമായി സർവ്വകലാശാല ഏതെങ്കിലും കമ്പനികൾക്ക് ഫീസിനത്തിൽ തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ കെ-റീപ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് സർവ്വകലാശാലകളിൽ നിന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ യാതൊരുവിധ നിരക്കുകളും (Charges) ഈടാക്കുന്നില്ല.

**(ഇ)** 2025 നവംബറിൽ നടന്ന സർവ്വകലാശാലാ പഠനവകുപ്പുകളിലെ ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷയിൽ പരീക്ഷ രജിസ്ട്രേഷൻ, ഹാൾടിക്കറ്റ് എന്നിവ ഇല്ലാതെ പരീക്ഷ നടത്താൻ നിർദ്ദേശിക്കുന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് കാരണമായ സാഹചര്യം എന്താണെന്നും ഇത് നടപ്പിലാക്കാൻ ആവശ്യമുന്നയിച്ചത് ആരാണെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഇല്ല.

**സെക്ഷൻ ഓഫീസർ**